പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*17 | 25.04.2017 ൽ മറുപടിയ്ക്ക് |
|---|---|
| **രാജീവ് ഗാന്ധി കുമാരി ശാക്തീകരണ പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.എ. പ്രദീപ്കുമാർ<br>,, റ്റി.വി.രാജേഷ്<br>,, ഐ.ബി. സതീഷ്<br>,, സി. കെ. ശശീന്ദ്രൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് കൗമാരക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി രാജീവ് ഗാന്ധി കുമാരി ശാക്തീകരണ പദ്ധതി (ആർ.ജി.എസ്.ഇ.എ.ജി.) നടപ്പിലാക്കി വരുന്നുണ്ടോ; | (എ) ഉണ്ട്. കൗമാരക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട് ജില്ലകളിൽ രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസന്റ് ഗേൾസ് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി)<br>1 കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണവും വ്യക്തിത്വ വികസനവും<br>2. അവരുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുക<br>3. ആരോഗ്യം, ശുചിത്വം, പോഷണം, കൗമാരപ്രായക്കാർക്ക് റീ പ്രൊഡക്ടീവ് & സെക്ഷ്വൽ ഹെൽത്ത് (ARSH), കുടുംബപരിപാലനം, കുഞ്ഞുങ്ങളുടെ ആരോഗ്യം എന്നിവയിൽ അറിവ് നൽകുക<br>4. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ഗൃഹകേന്ദ്രീകൃത കഴിവുകൾ, ജീവിതാധിഷ്ഠിതമായ കഴിവുകൾ എന്നിവ ഉയർത്തുക. NSDP (നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം) വഴി അവരുടെ തൊഴിലധിഷ്ഠിതമായ കഴിവുകൾ ഉയർത്തുക<br>5. സ്കൂൾ പഠനം ഇടയ്ക്ക് വച്ച് നിർത്തുന്ന കൗമാര പ്രായക്കാരായ കുട്ടികളുടെ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ എടുക്കുക<br>6. PHC, CHC, Post office, Bank, Police Station, ക്ഷേമ നിയമങ്ങൾ പ്രകാരമുള്ള സ്ഥാപനങ്ങൾ തുടങ്ങിയവ വഴി നിലവിലുള്ള പൊതു സേവനങ്ങളെ സംബന്ധിച്ച് |

| | |
|---|---|
| | കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് അറിവ് പകരുക |
| (സി) കൗമാരക്കാരായ പെൺകുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനും അവരെ സ്വയം തൊഴിലിന് പ്രാപ്തരാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി)<br>1. അനുപൂരക പോഷകാഹാരം (ദിവസം 600 കലോറിയും 18-20 പ്രോട്ടീനും ലഭിക്കുന്ന ഭക്ഷണ പദാർത്ഥങ്ങൾ) മാസത്തിൽ രണ്ട് പ്രാവശ്യമായി 25 ദിവസത്തേയ്ക്ക് THR ആയി നൽകുന്നു.<br>2. ആഴ്ചയിലൊരിക്കൽ അയൺ ഫോളിക്ക് ആസിഡ് ഗുളിക<br>3. വർഷത്തിൽ രണ്ട് പ്രാവശ്യം വിര ഗുളിക<br>4. ആരോഗ്യ പരിശോധന<br>5. ആരോഗ്യപോഷണ വിദ്യാഭ്യാസം<br>6. കൗമാര പ്രായക്കാർക്ക് റീപ്രൊഡക്ടീവ് & സെക്ഷ്വൽ ഹെൽത്ത് (ARSH), കുഞ്ഞുങ്ങളുടെ ആരോഗ്യം എന്നിവയിൽ അറിവ് നൽകുക.<br>7. ജീവിത നൈപുണ്യ വിദ്യാഭ്യാസം, സാമൂഹ്യജീവിതത്തിന് ഔദ്യോഗികമായി നിലവിലുള്ള സേവനങ്ങളെക്കുറിച്ചുള്ള അറിവ് നൽകുക. |

സെക്ഷൻ ഓഫീസർ